# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5670     05.07.2013 -ലെ മറുപടിക്ക്.**

**ഹിന്ദി അദ്ധ്യാപകർക്ക് പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | ശ്രീ. പി. കെ. അബ്ദുറബ്ബ്. (ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹൈസ്കൂളുകളിൽ 10 വർഷത്തിലധികമായി എച്ച്. എ സ്.എ. ഹിന്ദി തസ്തികയിൽ ജോലി ചെയ്തുവരുന്ന ഹിന്ദി അദ്ധ്യാപകർക്ക്, അതേ സ്കൂളുകളിൽ ഹയർ സെക്കൻഡറി ടീച്ചർമാരുടെ വേക്കൻസികളിൽ പ്രൊമോഷൻ ലഭിക്കുന്നതിന് അർഹതയുണ്ടോ ; | (എ) | ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ ജോലിചെയ്യുന്ന എൽ. പി എസ്.എ/ യു. പി എസ്.എ/ എച്ച്.എസ്.എ മാർക്ക് സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ പ്രകാരമാണ് എച്ച്.എസ്.എസ്.റ്റി/ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികകളിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനം നൽകുന്നത്. ഇപ്രകാരം തസ്തികമാറ്റനിയമനം ലഭിക്കുന്നവർക്ക് അവർ ജോലി ചെയ്യുന്ന സ്കൂളുകളിൽ തന്നെ നിയമനം ലഭിക്കണമെന്നില്ല . എന്നാൽ എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ ഇപ്രകാരം നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്ക് അതേ സ്കൂളിൽ തന്നെ തുടരാവുന്നതാണ്. |
| (ബി) | ഹയർ സെക്കൻഡറി സ്കൂളുകളിൽ ഹിന്ദി ടീച്ചർമാരുടെ നിയമനത്തിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം യോഗ്യതകൾ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ? | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കേരളത്തിലെ ഏതെങ്കിലും സർവ്വാകലാശാലകളിൽ നിന്നും 50% ൽ കുറയാതെയുള്ള മാസ്റ്റർ ഡിഗ്രി നേടിയിരിക്കണം. മറ്റു സർവ്വകലാശാലകളിൽ നിന്നും നേടുന്ന മാസ്റ്റർ ഡിഗ്രിക്ക് കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്ന തുല്യതാ സർട്ടിഫിക്കറ്റ് നേടിയിരിക്കണം. കേരളത്തിലെ സർവ്വകലാശാലകൾ റഗുലർകോഴ്സായി നടത്തുന്ന ബി.എഡ് യോഗ്യത നേടിയിരിക്കണം.അതേ വിഷയങ്ങളിൽ ബി.എഡ് ഇല്ലാത്തവരുടെ അഭാവത്തിൽ മറ്റു വിഷയങ്ങളിൽ ബി.എഡ് നേടിയവരെയും പരിഗണിക്കും. മറ്റു സംസ്ഥാനങ്ങളിൽ നിന്നും നേടിയ ബി.എഡ് യോഗ്യതയ്ക്ക് തുല്യതാ സർട്ടിഫിക്കറ്റ് നേടിയിരിക്കണം. ബി.എഡ് യോഗ്യത നേടിയവരുടെ അഭാവത്തിൽ മാസ്റ്റർ ഡിഗ്രിയും സെറ്റും ഉള്ളവരെ പരിഗണിക്കും. ഇത്തരത്തിൽ പരിഗണിക്കുമ്പോൾ എംഫിൽ/പിഎച്ച്ഡി/നെറ്റ് യോഗ്യതയുള്ളവർക്ക് മുൻഗണന ലഭിക്കുന്നതാണ്. ഇത്തരത്തിൽ നിയമനം ലഭിക്കുന്ന അദ്ധ്യാപകർ സർവ്വീസിൽ കയറി 5 വർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ് യോഗ്യത നേടിയിരിക്കണം. ഹിന്ദി വിഷയത്തിൽ എൽ.ടി.ടി.സി യോഗ്യതയുള്ളവരെ ബി.എഡ് -ൽനിന്നും ഒഴിവാക്കിയിട്ടുണ്ട് .എന്നാൽ സെറ്റ് യോഗ്യത നേടിയിരിക്കണം. എംഎഡ് /പി.എച്ച്.ഡി /നെറ്റ് യോഗ്യതയുള്ളവരെ സെറ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

തസ്തികമാറ്റ നിയമനം ലഭിക്കുന്നതിന് പിജി, ബിഎഡ്, സെറ്റ് യോഗ്യതയുണ്ടായിരിക്കണം10 വർഷം എച്ച് എസ് എ സർവ്വീസുള്ളവരെ സെറ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രൊബേഷൻ പൂർത്തീകരിച്ചിരിക്കണം.